LIBRARY ARCHIVES Kerala Legislative Assembly

(സി) തടസ്സങ്ങളുണ്ടെങ്കിൽ ആയത് പരിഹരിച്ച് എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) മൊബിലിറ്റി ഹബ്ബ് പദ്ധതിയോടനുബന്ധിച്ചുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണത്തിനായി 1,06,45,11,424 രൂപയുടെ എസ്റ്റിമേറ്റ് M/s. INKEL Ltd. സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റ് അംഗീകരിച്ച് Technical sanction നൽകുന്നതിന് സർക്കാർതലത്തിൽ രൂപീകരിച്ചിരിക്കുന്ന ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനായി എസ്റ്റിമേറ്റ് കെ.എസ്.ആർ.ടി.സി.യിൽനിന്ന് 29-7-2021-ൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ടെസ്റ്റ് പൈലിംഗ് നടത്തുന്ന സ്ഥലത്തിനടുത്തുകൂടി വാഹന ഗതാഗതം പാടില്ലാത്തതിനാൽ ഗ്യാരേജിന് കിഴക്കു ഭാഗത്തുകൂടി പുറത്തേയ്ക്ക് ഒരു റോഡ് നിർമ്മിക്കേണ്ടതുണ്ട്. ആയതിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിക്കായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ കത്ത് നൽകിയിരിക്കുകയാണ്. ടി പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ test piling നടത്തുവാൻ സാധിക്കുകയുള്ളൂ.

**പരിശോധനയില്ലാതെ വാഹന രജിസ്ട്രേഷൻ**

170 (2890) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയില്ലാതെതന്നെ വാഹന രജിസ്ട്രേഷൻ എന്ന നയം നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്. കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 240(E) അനുസരിച്ച് ഭേദഗതി ചെയ്ത കേന്ദ്ര മോട്ടോർ വാഹന ചട്ടം 48 B പ്രകാരം പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങളെയാണ് രജിസ്ട്രേഷനുവേണ്ടിയുള്ള പരിശോധനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഷാസി വാങ്ങി ബോഡി നിർമ്മിക്കുന്ന വാഹനങ്ങളെ ഇതിൽനിന്നും ഒഴിവാക്കിയിട്ടില്ല. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ പദവിയിലുള്ള ഉദ്യോഗസ്ഥന് ഡീലറുടെ പക്കൽ വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടുള്ള ഏതു വാഹനവും പരിശോധിക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഇതുപ്രകാരം ഉപഭോക്താക്കൾ ഉദ്ദേശിച്ച വാഹനംതന്നെയാണ് അവർക്ക് ലഭിക്കുന്നത് എന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ?

വാഹനം തെരഞ്ഞെടുക്കുന്ന വേളയിൽ അതിന്റെ എഞ്ചിൻ നമ്പർ, ഷാസി നമ്പർ, വാഹനത്തിന്റെ നിറം, ഇനം എന്നിവ ഡീലറിൽനിന്നും വാങ്ങി സൂക്ഷിക്കുകയും രജിസ്ട്രേഷനുശേഷം വാഹനം ഡെലിവറി ചെയ്യുമ്പോൾ വാഹനത്തോടൊപ്പം ലഭിക്കുന്ന രേഖകളോടൊത്തുനോക്കി ഉപഭോക്താക്കൾക്ക് തങ്ങൾ ഉദ്ദേശിച്ച വാഹനം

തന്നെയാണ് ലഭിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്താവുന്നതാണ്. ഇതിൽ ഏതെങ്കിലും വ്യത്യാസം കാണുന്നപക്ഷം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി മുൻപാകെ പരാതി സമർപ്പിച്ചാൽ ഡീലർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(സി) വാഹനങ്ങൾ കാണാതെ ഫിറ്റ്നസ് നൽകുമ്പോൾ വാഹനത്തിന്റെ ന്യൂനതയുടെ ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കുമോ?

കേന്ദ്ര മോട്ടോർ വാഹനചട്ടം 16(1)-ലെ വ്യവസ്ഥയനുസരിച്ച് പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങൾക്ക് പ്രത്യേക പരിശോധന കൂടാതെതന്നെ അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ രണ്ടുവർഷത്തെ കാലാവധിയിലേയ്ക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ Automotive Research Association of India അംഗീകൃത സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ള വാഹനങ്ങൾമാത്രമാണ് രജിസ്റ്റർ ചെയ്യാൻ അനുമതിയുള്ളത്. വാഹനത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും അതാതു നിർമ്മാതാക്കളാണ് VAHAN എന്ന കേന്ദ്രീകൃത പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നത്. ആയതിനാൽ വാഹനത്തിന്റെ ന്യൂനതയുടെ ഉത്തരവാദിത്തം അതാതു വാഹന നിർമ്മാതാക്കളിൽ നിക്ഷിപ്തമാണ്.

(ഡി) പുതിയതായി രജിസ്റ്റർ ചെയ്യുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് നൽകുന്ന നിലവിലെ രീതിയുടെ വിശദാംശം നൽകുമോ?

മോട്ടോർ വാഹന ചട്ടം 1988-ലെ സെക്ഷൻ 56-ൽ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം 1989-ലെ റൂൾ 62-ലാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ കാലാവധിയും നടപടിക്രമങ്ങളും വിശദീകരിച്ചിരിക്കുന്നത്. നിയമം 62-ലെ സബ് റൂൾ - 1, പ്രൊവിഷൻ -1 ചുവടെ ചേർക്കുന്നു. " Provided that the renewal of a fitness certificate shall be made only after an inspecting officer or authorized testing stations as referred to in sub-section(1) of section 56 of the Act has carried the tests specified in the Table given." ഇതിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പുതുക്കുവാൻ വാഹന പരിശോധന നിർബന്ധമാണെന്ന് പ്രതിപാദിക്കുന്നു. എന്നാൽ ഒരു വാഹനത്തിന് ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന നിർബന്ധമാണെന്ന് നിഷ്കർഷിക്കുന്നില്ല. ഇതേ സബ് റൂളിലെ പ്രൊവിഷൻ - 4 ചുവടെ ചേർക്കുന്നു. " Provided further that no fitness certification shall be required at the time of registration for new transport vehicle sold as fully built vehicle and such vehicle shall be deemed to be having certificate of fitness for a period of two years from the

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

date of registration" ഇതിൻ പ്രകാരം പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടി വില്പന നടത്തുന്ന വാഹനങ്ങൾക്ക് പ്രത്യേകമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് രണ്ടുവർഷം കാലാവധിയുള്ളതായി കണക്കാക്കണമെന്നും നിഷ്കർഷിക്കുന്നു. മേൽ വിവരിച്ചിരിക്കുന്ന സാഹചര്യങ്ങളിൽനിന്നും പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങൾക്ക് ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന ആവശ്യമില്ല എന്നുള്ളത് നിയമാനുസൃതമാണ്. ക്യാബിൻ-ഷാസി മാത്രമായി വാങ്ങി ബോഡി ലോക്കലായി നിർമ്മിക്കപ്പെടുന്ന വാഹനങ്ങൾക്ക് നിലവിൽ വാഹന പരിശോധനയ്ക്കുശേഷം മാത്രമാണ് രജിസ്ട്രേഷനും ഒപ്പം ഫിറ്റ്നസ്സും നൽകുന്നത്.

(ഇ) സംസ്ഥാനത്ത് ടാൻസ്പോർട്ട് വാഹനങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ എന്തെങ്കിലും പുതുതായി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനികൾ നിർമ്മിക്കുന്ന ടാൻസ്പോർട്ട് വാഹനങ്ങളിൽ അവ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ?

ടാൻസ്പോർട്ട് വാഹനങ്ങളിൽ പ്രത്യേകമായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ speed limiting device-ഉം Vehicle location tracking device-ഉം ആണ്. പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ speed limiting device in built ആയിട്ടാണ് വാഹനം ലഭ്യമാകുന്നത്. ഈ വിവരം പ്രാഥമിക ഫിറ്റ്നസ്സ് രേഖയായ ഫോം.22-ൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. Vehicle tracking device അതാത് രജിസ്റ്ററിംഗ് അതോറിറ്റിയെ സമീപിച്ച് ടാഗ് ചെയ്യേണ്ടതാണ്.

**ഇന്റലിജന്റ് ടാൻസ്പോർട്ട് സംവിധാനം**

171 (2891) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളും പട്ടണങ്ങളും നേരിടുന്ന ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കേണ്ട പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) സിവിൽ നിർമ്മിതികൾക്ക് പകരം ഇന്റലിജന്റ് ടാൻസ്പോർട്ട് ആണ് പല രാജ്യങ്ങളും നടപ്പാക്കിവരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.